**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4935** **20-03-2025 - ൽ മറുപടിയ്ക്ക്**

**അക്കാദമിക മികവിനായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ഐ. ബി. സതീഷ്,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക മികവിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് 2025 ഫെബ്രുവരി 18 ന് തുടക്കമായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോട് കൂടിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ ജനകീയ സമിതികൾ രൂപീകരിക്കും. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തൽ, കുട്ടികൾ നേടേണ്ട പഠനശേഷികൾ നേടുന്നുവെന്ന് ഉറപ്പ് വരുത്തൽ, വിലയിരുത്തൽ രീതി കാര്യക്ഷമമാക്കൽ, നിർമ്മിത ബുദ്ധിയടക്കമുള്ള സാങ്കേതിക സൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, വകുപ്പിലെ വ്യത്യസ്ത ഏജൻസികളുടെ ഏകോപനം, വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ, അധ്യാപക രക്ഷാകർതൃ സമൂഹ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ സംഘാടനം, എസ്.സി./എസ്.ടി. ഭിന്നശേഷി കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിപാടികൾ, വിഷയാധിഷ്ഠിത പരിപാടികൾ (ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവ) എന്നീ ഘടകങ്ങൾക്ക് പദ്ധതിയിൽ ഊന്നൽ നൽകുന്നത്. അക്കാദമിക മികവിനായി എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ പൊതുവിദ്യാലയങ്ങളിൽ ആറാം ക്ലാസിൽ പഠിക്കുന്ന ഗണിതശാസ്ത്രത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പന്ത്രണ്ടാം ക്ലാസു വരെ നിരന്തരമായ പരിശീലനവും പ്രോത്സാഹനവും നൽകുന്ന ന്യൂമാറ്റ്സ് (NuMaTs-Nurturing Mathematical Talents in Schools) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യശാസ്ത്ര പഠനത്തിൽ മികവും പ്രാപ്തിയും താൽപര്യവുമുള്ള |

പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ മികവ് പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകുക, കുട്ടികളെ സമൂഹത്തിൽ ഗുണപരമായി ഇടപെടുന്നതിന് പ്രാപ്തരാക്കുക, സാമൂഹ്യശാസ്ത്ര ഗവേഷകരുമായി കുട്ടികൾക്ക് ആശയവിനിമയം നടത്താനും ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും അവസരം നൽകുക എന്നീ ലക്ഷ്യങ്ങൾക്കായി സ്റ്റെപ്സ് എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ അക്കാദമിക മികവിനായി സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് - ഹലോ വേൾഡ് - ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടി, സുരീലി ഹിന്ദി, സംസ്കൃത മാധുരി, അഹ്ലൻ അറബി, പ്യാരി ഉറുദു, ഹെൽപിംഗ് ഹാന്റ്, സചിത്ര പുസ്തകം (പിക്ചർ ഡയറി), സംയുക്ത ഡയറി, സർഗാത്മക ഡയറി, മഞ്ചാടി, അളക്കാം പഠിക്കാം, ഗണിതക്കിറ്റ്, ഗണിത വിജയം, ശാസ്ത്ര-ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ, ഗണിത ലാബ്, ഗണിത പാർക്ക്, ശാസ്ത്ര പഥം, ശാസ്ത്ര പാർക്ക്, ശലഭ പാർക്ക്, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്, ഉല്ലാസ ഗണിതം, സ്കൂൾ വെതർ സ്റ്റേഷൻ, സ്റ്റീം ഇക്കോസിസ്റ്റം, ക്രിയേറ്റീവ് കോർണർ, ശാസ്ത്ര കിറ്റ്, ലൈഫ്, ഭൂമിശാസ്ത്ര ലാബ്, ടിങ്കറിംഗ് ലാബ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പൊതുവിദ്യാഭ്യാസ മേഖലയുടെ അക്കാദമിക മികവിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സാങ്കേതികവിദ്യാ പഠനത്തിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, സ്കൂളുകളും ഹൈടെക് ആക്കി. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം ഉറപ്പുവരുത്താൻ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങളും അധ്യാപക പരിശീലനവും നൽകിയിട്ടുണ്ട്. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ എല്ലാ പാഠഭാഗങ്ങൾക്കും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി 'സമഗ്രപ്ലസ്' പോർട്ടൽ മുഖേന അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സൗജന്യമായി ലഭ്യമാക്കുന്നു. താൽപര്യവും അഭിരുചിയുമുള്ള സെക്കന്ററിതലം വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് 2220 സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ 'ലിറ്റിൽകൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ ആരംഭിച്ചു. പഠന സമയം നഷ്ടപ്പെടാതെ അധ്യാപകർക്ക് MOOC (Massive Open Online Course) മാതൃകയിൽ

| | | | |
|---|---|---|---|
| | | | KOOL (KITEs Open Online Learning) കോഴ്സ് നടപ്പിലാക്കുന്നു. കൂടാതെ 24 മണിക്കൂറും വിദ്യാഭ്യാസ പരിപാടികൾ മാത്രം സംപ്രേക്ഷണം ചെയ്യുന്ന കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിപ്പിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയറുകളും പിന്തുണ സംവിധാനവും ലഭ്യമാക്കുന്നു. |
| (ബി) | ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഹൈടെക് സ്കൂൾ ഹൈടെക് ലാബിനും ആവശ്യമായ ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുകയും അവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപക പരിശീലനം നൽകുകയും ചെയ്തു. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഓരോ പാഠഭാഗത്തിനും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിനായി സമഗ്രപ്ലസ് പോർട്ടൽ സജ്ജമാക്കി അധ്യാപകർക്ക് പരിശീലനവും നൽകി വരുന്നു. |
| (സി) | പ്രത്യേക അവശതയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാകിരണം പദ്ധതി വഴി നൽകുന്ന പഠന സഹായങ്ങളും ബാരിയർ ഫ്രീ സ്കൂൾ വികസനത്തിലൂടെ പൊതു വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ കാര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | സമഗ്ര ശിക്ഷാ കേരളം വഴി സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ബാരിയർ ഫ്രീ സ്കൂൾ സംവിധാനം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ നിർമ്മിക്കുന്ന ഓരോ കെട്ടിടത്തിലും റാമ്പ് റെയിൽ സംവിധാനം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ എന്നിവ സജ്ജീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാഠഭാഗങ്ങളുടെ അനുരൂപീകരണം നടത്തി കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. ഇൻക്ലൂസീവ് സ്പോർട്സ് സംഘടിപ്പിക്കുന്നതിനും ഇതിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അക്കാദമിക മികവിനായി നടപ്പാക്കുന്ന കരിയർ ഗൈഡൻസ് പദ്ധതികൾ എന്തൊക്കെയെന്നും അവയുടെ ലക്ഷ്യങ്ങളും പ്രയോജനങ്ങളും എന്തെല്ലാമെന്നും വിശദമാക്കാമോ; | (ഡി) | കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസലിംഗ് സെൽ നടത്തുന്ന വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടികളുടെ ലക്ഷ്യം കൗമാരക്കാരുടെ ശാക്തീകരണമാണ്. വ്യത്യസ്ത കഴിവുകളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ അഭിരുചികളുടെയും താത്പര്യത്തിന്റെയും അടിസ്ഥാനത്തിൽ ഉചിതമായ ഉന്നത വിദ്യാഭ്യാസവും തൊഴിലും തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ എടുക്കുവാനും ആവശ്യമായ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കി വരുന്നു.<br><br>സ്കൂൾതല പ്രവർത്തനങ്ങൾ, കരിയർ കോർണർ, ഫോക്കസ് പോയിന്റ്, പാത്ത് ഫൈൻഡർ (സിവിൽ |

| | | | |
|---|---|---|---|
| | | | സർവീസ് ഓറിയന്റേഷൻ പ്രോഗ്രാം), കെ-ഡാറ്റ് (ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്), ദിശ എക്സ്പോ, വീ-ഹെൽപ്, കരിയർ ദിനം, കരിയർ എഫ്.എം., കരിയർ ഗൈഡൻസ് പോർട്ടൽ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ക്യൂ.ഐ.പി.) എന്നീ പ്രോഗ്രാമുകളും നടത്തിവരുന്നു.<br><br>വിദ്യാർത്ഥികളെ അവരുടെ ശരിയായ ലക്ഷ്യം നേടുന്നതിനുതകുന്ന കോഴ്സ് തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കുക, വിദ്യാർത്ഥികളെ കരിയർ മേഖലയിലെ ശരിയായ ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിന് അവരുടെ ശക്തിയും പരിമിതികളും തിരിച്ചറിയാൻ സഹായിക്കുക., കരിയർ മേഖലയിലെ ഏറ്റവും പുതിയ ട്രെൻഡുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക, ഫലപ്രദമായ ആശയവിനിമയം, നേതൃത്വ പാടവം, ടീം വർക്ക്, മാനേജ്മെന്റ് എന്നീ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (ഇ) | 2025-ൽ പൊതു വിദ്യാഭ്യാസ മേഖലയിലെ അക്കാദമിക മികവിനായി തുടർ പദ്ധതികൾ ആസൂത്രണം ചെയ്തതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ഇ) | പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് 2025 ഫെബ്രുവരി 18 ന് തുടക്കമായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോട് കൂടിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത് ഇതിനായി ഒരു പ്രവർത്തന പദ്ധതി സംസ്ഥാനതലത്തിലുണ്ടാകും. സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ ജനകീയ സമിതികൾ രൂപീകരിക്കും താഴെ പറയുന്ന ഘടങ്ങൾക്കാണ് പദ്ധതിയിൽ ഊന്നൽ നൽകുന്നത്.<br><br>അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തൽ.<br>കുട്ടികൾ നേടേണ്ട പഠനശേഷികൾ നേടുന്നുമെന്ന് ഉറപ്പ് വരുത്തൽ.<br>വിലയിരുത്തൽ രീതി കാര്യക്ഷമമാക്കൽ.<br>നിർമ്മിത ബുദ്ധിയടക്കമുള്ള സാങ്കേതിക സൗഹൃദ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ.<br>വകുപ്പിലെ വ്യത്യസ്ത ഏജൻസികളുടെ ഏകോപനം.<br>വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾ.<br>അധ്യാപക രക്ഷാകർതൃ, സമൂഹ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ശാസ്ത്രീയമായ സംഘാടനം.<br>എസ്.സി/എസ്.ടി. ഭിന്നശേഷി കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിപാടികൾ.<br>വിഷയാധിഷ്ഠിത പരിപാടികൾ (ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവ). |

| | | | |
|---|---|---|---|
| | | | 2025-26 വർഷത്തെ സമഗ്ര ശിക്ഷാ കേരളത്തിന്റെ പ്രൊജക്ട് പ്രൊപ്പോസൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അപ്രൂവലിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ